# പതിനാലാം കേരള നിയമസഭ
## ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1401 13.7.2016 - ൽ മറുപടിയ്ക്ക്

## പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടത്

ചോദ്യം ഉത്തരം

| | | | |
|---|---|---|---|
| ശ്രീ. പി.കെ. ബഷീർ | | ശ്രീമതി. കെ. കെ. ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി) | |
| എ) | സംസ്ഥാനത്ത് സാധാരണമായി കണ്ടുവരാത്ത പുതിയ രോഗങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. 2015 – 16 – ൽ കൊല്ലം ജില്ലയിൽ 'ലിഷ്മാനിയാസിസ്' (കാലാഅസാർ), മലപ്പുറം ജില്ലയിൽ 'ഡിഫ്ത്തീരിയ' എന്നീ രോഗങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ലിഷ്മാനിയാസിസും ഡിഫ്ത്തീരിയയും മുൻവർഷങ്ങളിലും ഒറ്റപ്പെട്ട രീതിയിൽ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളവയാണ്. ആലപ്പുഴ ജില്ലയിൽ അമീബിക് മെനിഞ്ചോഎൻസെഫലൈറ്റിസ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. |
| ബി) | ഉണ്ടെങ്കിൽ എന്തെല്ലാം നടപടികളാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിട്ടുള്ളത്; | ബി) | രോഗബാധ റിപ്പോർട്ട് ചെയ്യപ്പെട്ട ജില്ലകളിൽ ആരോഗ്യ – മെഡിക്കൽ വിദ്യാഭ്യാസ വകുപ്പകളിലെ വിദഗ്ധർ വിശദമായ ഫീൽഡുതല പരിശോധന നടത്തി രോഗവ്യാപനം തടയുന്നതിനാവശ്യമായ സത്വര നടപടികൾ കൈക്കൊണ്ടിട്ടുണ്ട്. സംസ്ഥാന തലത്തിലുള്ള സംഘങ്ങൾ ഇത്തരം പ്രദേശങ്ങൾ സന്ദർശിച്ച് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിലയിരുത്തുകയും കൂടുതൽ പ്രവർത്തനങ്ങൾ ആവശ്യമെങ്കിൽ അതിന് നേതൃത്വം നൽകുകയും ചെയ്യുന്നു. വിവിധ മെഡിക്കൽ കോളേജുകളിലെ വിദഗ്ധരുടെയും, മൃഗസംരക്ഷണം തുടങ്ങിയ അനുബന്ധ വകുപ്പകളിലെ ഉദ്യോഗസ്ഥരുടെയും സംയുക്ത യോഗം ചേർന്ന് ഇത്തരം അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്കും പ്രതിരോധത്തിനും ആവശ്യമായ മാർഗ്ഗരേഖ ഉണ്ടാക്കുകയും ജില്ലകൾക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇപ്രകാരം റിപ്പോർട്ട് ചെയ്യപ്പെടുന്ന രോഗങ്ങളുടെ സ്ഥിരീകരണത്തിനാവശ്യമായ ലബോറട്ടറി പരിശോധനാ സംവിധാനങ്ങൾ സംസ്ഥാനത്ത് നിലവിലുണ്ടോ; | സി) | മെഡിക്കൽകോളേജ് ലബോറട്ടറികൾ, സ്റ്റേറ്റ് പിഎച്ച്. ലാബ്, എൻ.ഐ.വി പൂനയുടെ ആലപ്പുഴ ബ്രാഞ്ച് തുടങ്ങിയ ലബോറട്ടറികളിൽ വിദഗ്ധ ലബോറട്ടറി സൗകര്യങ്ങൾ ലഭ്യമാണ്. സംസ്ഥാന സർക്കാർ സ്ഥാപനങ്ങളിൽ ലഭ്യമല്ലാത്ത പരിശോധനാ സംവിധാനങ്ങൾക്കായി കേന്ദ്ര സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ICMR, NIV (ദേശീയ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, പൂനെ) തുടങ്ങിയവയുടെ സേവനങ്ങൾ ലഭ്യമാക്കുന്നു. |
| ഡി) | ഇല്ലെങ്കിൽ ഇക്കാര്യത്തിൽ വേണ്ട നടപടികൾ സ്വീകരിക്കുമോ? | ഡി) | പരിശോധനാസൗകര്യങ്ങൾ വിപുലപ്പെടുത്തുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ട് |

സെക്ഷൻ ഓഫീസർ